കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പനയം ഗ്രാമപഞ്ചായത്ത് - തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.827/2018/തസ്വഭവ

തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. പനയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.2018-ലെ A2-6623/17-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.52

ഉത്തരവ്

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തുണി സഞ്ചി നിർമ്മിച്ച് ഒരു വീട്ടിൽ 4 തുണി സഞ്ചി വീതം നൽകുന്ന 2016-17-ലെ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ഒരു തുണി സഞ്ചിക്ക് 25 രൂപ നിരക്കിൽ ആകെ അടങ്കൽ 12,20,400/- രൂപയാണെന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായി 6,48,615 രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 5.00 ലക്ഷം രൂപ ബ്ലോക്ക് വിഹിതമാണെന്നും ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പനയം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.52 നമ്പർ തീരുമാനപ്രകാരം തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിന് സഞ്ചി സൗജന്യമായി വിതരണം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയോടെ പനയം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡണ്ട്, പനയം ഗ്രാമപഞ്ചായത്ത്, കൊല്ലം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ